**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡിലെ ക്ലർക്ക്-കം-ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.**1699/2026/LSGD** തീയതി,തിരുവനന്തപുരം, **09-09-2026**

---

പരാമർശം:- 1. സ.ഉ.(സാധാ) നം.**955/2023/LSGD** തീയതി **02.05.2023.**

2. **06.08.2026**-ലെ **DD2/362/2025/LSGD** നമ്പർ സർക്കാർ കത്ത്.

3. കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ **13.08.2026** ലെ **A/89/26/KTTKB/ESTA/CDEO** നമ്പർ കത്ത്.

**ഉത്തരവ്**

കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ സംസ്ഥാന ഓഫീസിൽ പരാമർശം (1) പ്രകാരം അനുവദിച്ചിട്ടുള്ള ക്ലർക്ക്-കം-ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികകളിലേക്ക് സാങ്കേതിക നൈപുണ്യ പരീക്ഷയും അഭിമുഖവും നടത്തി തയ്യാറാക്കിയ റാങ്ക് ലിസ്റ്റിലെ ആദ്യ മൂന്ന് സ്ഥാനക്കാരായ ശ്രീ. വിഷ്ണു. വി.എസ്, ശ്രീമതി ആര്യ ജി. നായർ, ശ്രീമതി. ജോഫിയ ജെ.എം എന്നിവരെ പ്രസ്തുത തസ്തികകളിൽ ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ നിയമിച്ചിരുന്നു. ശ്രീ. വിഷ്ണു. വി.എസ്, ശ്രീമതി ആര്യ ജി. നായർ, ശ്രീമതി. ജോഫിയ ജെ.എം. എന്നിവരുടെ നിലവിലെ കരാർ കാലാവധി യഥാക്രമം **08.09.2026, 01.09.2026, 31.08.2026** തീയതികളിൽ അവസാനിക്കുന്നതാണെന്നും അതിൽ ശ്രീമതി. ജോഫിയ ജെ.എം **20-07-2026** മുതൽ മെറ്റേണിറ്റി ലീവിൽ പ്രവേശിച്ചിരിക്കുകയാണ് എന്നും പരാമർശം (3) പ്രകാരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

(2) കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡിലെ എക്സ്-ഓഫീഷ്യോ ഡയറക്ടർമാർ ഒഴികെയുള്ള ഡയറക്ടർമാരുടെ കാലാവധി അവസാനിച്ചിട്ടുള്ളതിനാൽ, കരാർ ജീവനക്കാരുടെ സേവനം പുതുക്കുന്നതു സംബന്ധിച്ച് തീരുമാനം എടുക്കുന്നതിനായി നിലവിൽ ഡയറക്ടർ ബോർഡ് ഇല്ലെന്നും, നിലവിൽ ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി അധിക ചുമതല വഹിക്കുന്ന VB-G RAM G സ്റ്റേറ്റ് മിഷൻ ജോയിന്റ് ഡയറക്ടറും മൂന്ന് ക്ലർക്ക്-കം-ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരും ചേർന്നാണ് ബോർഡിന്റെ ഓഫീസ് പ്രവർത്തനങ്ങൾ നിർവഹിച്ചുവരുന്നതെന്നും ബോർഡിന് സ്ഥിരം ജില്ലാ ഓഫീസുകളോ മറ്റ് ജീവനക്കാരോ നിലവിൽ ഇല്ലാത്ത സാഹചര്യത്തിൽ, ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭിക്കുന്ന അംഗത്വ അപേക്ഷകളുടെ പരിശോധന, ആവശ്യമായ ഏകോപനം, അപേക്ഷകളുടെ സമയബന്ധിതമായ തീർപ്പാക്കൽ, സോഫ്റ്റ്‌വെയർ സംബന്ധമായ പ്രവർത്തനങ്ങൾ, ഓഫീസ് ദൈനംദിന പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടെയുള്ള ബോർഡിന്റെ പ്രവർത്തനങ്ങൾ പരിമിതമായ ജീവനക്കാരെ ഉപയോഗിച്ചാണ് നിർവഹിച്ചുവരുന്നത് എന്നും അതിനാൽ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമായും സമയബന്ധിതമായും നിർവഹിക്കുന്നതിനും നിലവിലുള്ള പ്രവർത്തനങ്ങൾക്ക് യാതൊരു വിധത്തിലുള്ള തടസ്സവും ഉണ്ടാകാതിരിക്കുന്നതിനും ജീവനക്കാരുടെ കരാർ പുതുക്കുന്നതിനുള്ള അനുമതി അടിയന്തരമായി ലഭ്യമാക്കണമെന്ന് പരാമർശം (3) പ്രകാരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിക്കുകയുണ്ടായി.

(3) കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിൽ നിലവിലുള്ള തടസ്സങ്ങൾ, അവ പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ, VB-G RAM G സംവിധാനത്തിലേക്കുള്ള മാറ്റം സുഗമമാക്കുന്നതിനുള്ള വിശദമായ നിർദ്ദേശങ്ങൾ, ബോർഡിന്റെ ഭാവി പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കുന്നതിനായി സ്വീകരിക്കേണ്ട നടപടികൾ എന്നിവ സംബന്ധിച്ച വിശദമായ റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് സർക്കാർ നിർദേശം നൽകിയിരുന്നു.

(4) സർക്കാർ ഇക്കാര്യങ്ങളെല്ലാം വിശദമായി പരിശോധിച്ചു. കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം

കാര്യക്ഷമമാക്കുന്നതുമായി ബന്ധപ്പെട്ട ശിപാർശകൾ ലഭ്യമാക്കി പരിശോധിച്ച് ഇക്കാര്യത്തിൽ തുടർ തീരുമാനങ്ങൾ കൈക്കൊള്ളുന്നത് വരെയോ 2026 ഒക്ടോബർ 31 വരെയോ ഏതാണ് ആദ്യം എന്ന ക്രമത്തിൽ നിലവിൽ ക്ലർക്ക്-കം-ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരായി കരാർ അടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. വിഷ്ണു. വി.എസ്, ശ്രീമതി. ആര്യ ജി. നായർ, ശ്രീമതി. ജോഫിയ ജെ.എം എന്നിവരുടെ കരാർ സേവനം കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായും തടസ്സരഹിതമായും തുടരുന്നതിനായി നിലവിലുള്ള നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി സർക്കാരിൽ നിന്നും ഇതുസംബന്ധമായ മറ്റു നിർദ്ദേശങ്ങൾ ലഭിക്കുന്നതുവരെയോ 2026 ഒക്ടോബർ 31 വരെയോ ഇതിൽ ഏതാണ് ആദ്യം എന്ന രീതിയിൽ ദീർഘിപ്പിക്കുന്നതിന് സർക്കാർ അനുമതി നൽകുന്നു.

(5) പ്രസവാവധി സംബന്ധിച്ച നിലവിലുള്ള ചട്ടങ്ങളും വ്യവസ്ഥകളും കരാർ നിയമന നിബന്ധനകളും പാലിച്ചുകൊണ്ടായിരിക്കണം ശ്രീമതി. ജോഫിയ ജെ.എം.-ന്റെ സേവനകാലാവധി ദീർഘിപ്പിക്കൽ അനുവദിക്കേണ്ടത് എന്ന് കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാമനാഥ് ജി

ഡെപ്യൂട്ടി സെക്രട്ടറി

1. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. മിഷൻ ഡയറക്ടർ, VB-G RAM G സ്റ്റേറ്റ് മിഷൻ, തിരുവനന്തപുരം.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
6. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
7. വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി.

8. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Digitally signed by
Preetha P R
Date: 09-09-2026
14:20:06

സെക്ഷൻ ഓഫീസർ